**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1678** **01-07-2026-ൽ മറുപടിയ്ക്ക്**

**<u>പി.എം.ജി.എസ്.വൈ., ലൈഫ് പദ്ധതികളുടെ നിലവിലെ സ്ഥിതി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. സെബാസ്റ്റ്യൻ. എം. ജെ

ശ്രീ. കെ. എം. ഷാജി
(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി)

**(എ)** പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ പി.എം.ജി.എസ്.വൈ. പദ്ധതി പ്രകാരം ഭരണാനുമതി ലഭിച്ച വിവിധ പദ്ധതികൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** പാറത്തോട്-മുണ്ടക്കയം പഞ്ചായത്തിൽ 26.08.2023 ൽ പൂർത്തീകരിക്കപ്പെട്ട പാക്കേജ് നമ്പർ കെ.ആർ 07-72 (ചിറ്റടി ഇഞ്ചിയാനി - വട്ടക്കാവ് വെള്ളയാനടി റോഡ്); പാറത്തോട് പഞ്ചായത്തിൽ 11.10.2023 ൽ പൂർത്തീകരിക്കപ്പെട്ട പാക്കേജ് നമ്പർ കെ.ആർ.07-63 (ആനക്കല്ല് പൊന്മല പൊടിമറ്റം റോഡ്) എന്നിവയാണ് പൂഞ്ഞാർ നിയോജക മണ്ഡലത്തിൽ പി.എം.ജി.എസ്.വൈ-3 പദ്ധതി പ്രകാരം ഭരണാനുമതി ലഭിച്ചിട്ടുള്ള പദ്ധതികൾ. ഈ രണ്ട് പ്രവൃത്തികളുടെയും മൂന്നാം വർഷ മെയിന്റനൻസ് നടന്നു വരുന്നു.

**(ബി)** പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ ലൈഫ് ഭവന പദ്ധതി പ്രകാരം നിലവിൽ എത്ര വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചു; നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചു കൊണ്ടിരിക്കുന്ന വീടുകൾ എത്രയെന്ന് വ്യക്തമാക്കാമോ?

**<u>മറുപടി:</u>** പൂഞ്ഞാർ നിയോജക മണ്ഡലത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ലൈഫ് ഭവന പദ്ധതി പ്രകാരം നിലവിൽ ഭവന നിർമ്മാണത്തിന് കരാറിലേർപ്പെട്ട 4,659 ഗുണഭോക്താക്കളിൽ 3,867 ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തീകരിച്ചു. 792 വീടുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്നു.

**സെക്ഷൻ ഓഫീസർ**